പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4493 — 21/03/2018-ൽ മറുപടിക്ക്

## വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വൃക്കരോഗങ്ങളെക്കുറിച്ചുള്ള അറിവ് സാധാരണക്കാർക്കിടയിൽ വ്യാപകമാക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | ബി) | വൃക്ക രോഗങ്ങളെക്കുറിച്ചുള്ള അറിവ് സാധാരണക്കാരിലെത്തിക്കുന്നതിന് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. പ്രമേഹവും രക്താതിസമ്മർദ്ദവും പോലുള്ള ജീവിതശൈലീ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ വൃക്കരോഗങ്ങൾ പോലെയുള്ള ഗുരുതര രോഗങ്ങൾ സംജാതമാകുന്നു. ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നായ രോഗമില്ലാത്തവർക്ക് രോഗം വരാതിരിക്കുവാനുള്ള ജീവിതചര്യ സ്വീകരിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം നടത്തി വരുന്നു. |
| സി) | വൃക്കരോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും വൃക്കരോഗികൾക്ക് കുറഞ്ഞ ചെലവിലുള്ള ചികിൽസ സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | സി) | സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തി വരുന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തി വരുന്നു. രോഗബാധിതരെ മുൻകൂട്ടി കണ്ടെത്തുക, രോഗം സ്ഥിതീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗമില്ലാത്തവർക്ക് രോഗം വരാതിരിക്കുവാനുള്ള ജീവിതചര്യ സ്വീകരിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം നടത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഡയാലിസിസ് ചികിത്സ ആവശ്യമായി വരുന്ന വൃക്ക രോഗികൾക്ക് കുറഞ്ഞ ചെലവിൽ ടി ചികിത്സ ലഭ്യമാക്കുന്നതിന് സർക്കാർ ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 2017-18 ൽ 47 താലൂക്ക് ജില്ല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ